**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5584** **13-08-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികളുടെ ആക്രമണം മൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നത് റീബിൽഡ് കേരള, കിഫ്ബി പദ്ധതികൾ മുഖേന നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | അനുമതി നൽകിയിട്ടുണ്ട് . വന്യജീവികളുടെ ആക്രമണംമൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് 14/11/2019-ലെ ജി.ഒ.(ആർ.റ്റി) 483/2018/ പി&ഇ.എ നമ്പർ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പ്രോഗ്രാമിലും, 23/01/2020-ലെ ജി.ഒ.(എം.എസ്) 2/2020/വനം, 2/8/2021 ലെ ജി.ഒ.(എം.എസ്) 12/2021/വനം പ്രകാരം കിഫ്ബി പദ്ധതിയ്ക്കും അനുമതി ലഭിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി 4 വനം ഡിവിഷനുകളിലെ 22 സെറ്റിൽമെന്റുകളിലായി 677 പട്ടികവർഗ്ഗേതര കുടുംബങ്ങളേയും കിഫ്ബി ഫെയ്സ് II പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 പട്ടികവർഗ്ഗേതര കുടുംബങ്ങളേയും, സ്വയം സന്നദ്ധമാകുന്ന ഒരു കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നൽകിയാണ് വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നത്. റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പ്രോഗ്രാമുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന സ്വകാര്യ സെറ്റിൽമെന്റുകളുടെ പട്ടിക അനുബന്ധം -1 ആയും, കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന സ്വകാര്യ സെറ്റിൽമെന്റുകളുടെ പട്ടിക അനുബന്ധം -2 ആയും ചേർക്കുന്നു. |
| (ബി) | കാസർഗോഡ് വനം ഡിവിഷന് കീഴിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള എത്ര പ്രൊപ്പോസലുകൾ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സമിതിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | കാസർഗോഡ് വനം ഡിവിഷനിൽ നിന്നും 21 അർഹതപ്പെട്ട ആദിവാസി ഇതര കുടുംബങ്ങളുടെ പ്രൊപ്പോസലുകളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടായിരുന്നത് . ഇതിൽ അട്ടൂർ-മുച്ചാംതുള്ളി സെറ്റിൽമെന്റിലെ 14 അർഹമായ കുടുംബങ്ങളും ഒറ്റമല സെറ്റിൽമെന്റിലെ 7 അർഹമായ കുടുംബങ്ങളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രൊപ്പോസലിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ അനുമതി ലഭിച്ചതിനെ തുടർന്ന് സംസ്ഥാന ലെവൽ |

| | | | |
|---|---|---|---|
| | | | എംപവേർഡ് കമ്മിറ്റി (SLEC) ക്ക് മുമ്പാകെ സമർപ്പിക്കുയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ വന്യമൃഗ ശല്യം രൂക്ഷമായികൊണ്ടിരിക്കുന്ന ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ പ്രൊപ്പോസൽ സമർപ്പിക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ? | (സി) | മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ